**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിൽ പുനരുദ്ധാരണ പണികൾ നടക്കുന്നതിനാൽ ചങ്ങനാശ്ശേരിയിൽ നിന്നും പൊങ്ങ വരെ മാത്രമാണ് സർവ്വീസ് നടത്തുവാൻ കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനായി ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ നിലവിൽ രാവിലെ 05.15 മുതൽ രാത്രി 20.30 വരെ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. യാത്രക്കാരുടെ ആവശ്യപ്രകാരം കോവിഡ് കാലത്തിന് മുമ്പ് നടത്തിയിരുന്ന എല്ലാ പ്രധാന സർവ്വീസുകൾ/ട്രിപ്പുകളും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളായ ചമ്പക്കുളം, കാവാലം, പുളിങ്കുന്ന്, ചതുർത്ഥ്യാകരി, കായൽപ്പുറംപ്പള്ളി, വടക്കൻ വെളിയനാട്, കൈനടി-കാവാലം, കുന്നംക്കരി, പൊങ്ങ, ചമ്പക്കുളം എന്നിവിടങ്ങളിലേയ്ക്കായി നിലവിൽ 33 ഷെഡ്യൂളുകളിലായി 220 ട്രിപ്പുകൾ ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും 11 ഷെഡ്യൂളുകളിലായി 35 ട്രിപ്പുകൾ ആലപ്പുഴ ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ട്. കോവിഡാനന്തര സാഹചര്യത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ചാണ് ട്രിപ്പുകൾ / സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളത്. ജലഗതാഗത വകുപ്പിന്റെ വിവിധ സ്റ്റേഷനുകളിൽ നിന്നായി കുട്ടനാട് കേന്ദ്രീകരിച്ച് നിലവിൽ 22-ഓളം ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ടി ബോട്ടുകൾ ഉപയോഗിച്ച് ദിനംപ്രതി 110-ഓളം ട്രിപ്പുകൾ നടത്തുന്നുണ്ട്. സീ കുട്ടനാട്, കൈനകരി സർക്കുലർ സർവ്വീസ് എന്നി സർവ്വീസുകൾ കുട്ടനാട് കേന്ദ്രീകരിച്ച് പുതുതായി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ പൊതുഗതാഗത സംവിധാനമായ ബോട്ട് സർവ്വീസ് കൂട്ടതൽ ഉൾപ്രദേശങ്ങളിലേയ്ക്കും, റോഡ് ഗതാഗതമില്ലാത്ത സ്ഥലങ്ങളിലേയ്ക്കും വ്യാപിക്കുന്നതിന് വകുപ്പ് പുതിയ റൂട്ടുകളുടെ സർവ്വെ നടത്തി വരുന്നു. അത്തരത്തിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്. |
| (ബി) | കുട്ടനാട്ടിൽ നിർത്തലാക്കിയ സ്റ്റേ സർവ്വീസ് ഉൾപ്പെടെയുള്ള എല്ലാ കെ.എസ്.ആർ.ടി.സി. സർവ്വീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | യാത്രക്കാരുടെ ആവശ്യപ്രകാരം കോവിഡിന് മുമ്പുണ്ടായിരുന്ന എല്ലാ പ്രധാന ട്രിപ്പുകളും / സർവ്വീസുകളും ഇപ്പോൾ നടത്തി വരുന്നുണ്ട്. എന്നാൽ ചങ്ങനാശ്ശേരിയിൽ നിന്നും ചമ്പക്കുളത്തേയ്ക്കുള്ള സ്റ്റേ സർവ്വീസ് കോവിഡാനന്തരം ആരംഭിച്ചെങ്കിലും യാത്രക്കാർ തീരെ കുറവായിരുന്നതും ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമല്ലാതെ വരികയും ചെയ്തതിനാൽ സ്റ്റേ സർവ്വീസുകൾ നിർത്തി വയ്ക്കേണ്ട സാഹചര്യം വന്നു ചേർന്നിട്ടുണ്ട്. കോവിഡ് സാഹചര്യം പൂർണ്ണമായും അവസാനിക്കുന്ന മുറയ്ക്ക് കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ ആവശ്യമെങ്കിൽ സർവ്വീസുകൾ പുന:ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ